# കുട്ടനാടിനെ ഭക്ഷ്യക്കലവറയാക്കണം, ഏകോപന അതോറിറ്റി വേണം

## ശുപാർശ മലയാള മനോരമ സംഘടിപ്പിച്ച ‘കരതേടി കുട്ടനാട്’ ആശയക്കൂട്ടത്തിന്റേത്

**മനോരമ ലേഖകൻ**

കോട്ടയം● പ്രളയത്തിൽ തകർന്ന കുട്ടനാടിന്റെ പുനഃസൃഷ്ടിക്കായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഏകോപന അതോറിറ്റി രൂപവൽക്കരിക്കണമെന്ന് മലയാള മനോരമ സംഘടിപ്പിച്ച ‘കര തേടി കുട്ടനാട്’ ആശയക്കൂട്ടത്തിന്റെ ശുപാർശ.

നെല്ലറയായി കണ്ടാൽ പോരാ, സംയോജിത കൃഷിക്കു മുൻഗണന നൽകി കുട്ടനാടിനെ ഭക്ഷ്യക്കലവറയാക്കണം. ഈ കാഴ്ചപ്പാടോടെ പ്രത്യേക കാർഷിക മേഖലയായി പ്രഖ്യാപിക്കുകയും വേണം. പ്രളയശേഷം കുട്ടനാട്ടിലെ മണ്ണിലും വെള്ളത്തിലുമുണ്ടായ മാറ്റങ്ങൾ അടിയന്തരമായി പഠിച്ചു പരിഹാരം കാണണമെന്നും വിദഗ്ധർ നിർദേശിച്ചു.




കൃഷി, ജലസേചനം, ഫിഷറീസ്, മൃഗസംരക്ഷണം, ആരോഗ്യം ഉൾപ്പെടെയുള്ള വകുപ്പുകളെ ഏകോപിപ്പിക്കാൻ അധികാരങ്ങളുള്ള അതോറിറ്റിയുടെ മേധാവിയായി പ്രിൻസിപ്പൽ സെക്രട്ടറി തസ്തികയിലുള്ള ഉദ്യോഗസ്ഥനെ നിയമിക്കണം.

ആലപ്പുഴ മെഡിക്കൽ കോളജിൽ പകർച്ചവ്യാധി പ്രതിരോധ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണം. കുട്ടനാടിന്റെ പരിസ്ഥിതി കണക്കിലെടുത്താകണം കെട്ടിടനിർമാണം. പാലങ്ങളെ മാത്രം ആശ്രയിക്കാതെ, ചരക്കുനീക്കത്തിനു ജലഗതാഗത സാധ്യതകൾ തേടണം. ഇത്തരത്തിൽ പുനഃസൃഷ്ടിക്കുന്ന കുട്ടനാടിനിണങ്ങുന്ന ടൂറിസം മാതൃക അവതരിപ്പിക്കണമെന്നും നിർദേശമുയർന്നു.

നിർദേശങ്ങൾ മുഖ്യമന്ത്രി പിണറായി വിജയനു സമർപ്പിക്കും. സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ഡോ. ബി.ഇക്ബാൽ മോഡറേറ്ററായിരുന്നു. മലയാള മനോരമ മാനേജിങ് എഡിറ്റർ ജേക്കബ് മാത്യു, എഡിറ്റോറിയൽ ഡയറക്ടർ മാത്യൂസ് വർഗീസ് എന്നിവർ പ്രസംഗിച്ചു.

---

**കാഴ്ചപ്പാട്**

പ്രളയക്കയത്തിൽനിന്ന് ഉയരട്ടെ, പുതിയ കുട്ടനാട്

---

**മുഖപ്രസംഗം:**

കുട്ടനാടിന്റെ കൂടെ വേണം കേരളം